educational needs in each case, and not merely on the report of any officer. So the question does not arise.

ശ്രീ. കെ. എ. മാത്യു: ആരാണ് ഈ സ്പെഷ്യൽ ആഫീസർ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഓവർലാപ്പിംഗ് കാര്യത്തെപ്പറ്റി റിപ്പോർട്ട് ചെയ്യാൻ നിയമിതനായിരുന്ന മി. വി. എസ്. കൃഷ്ണയ്യർ.

ശ്രീ. കളത്തിൽ വേലായുധൻ നായർ: എന്നാണ് ഈ സ്കൂളുകൾ അനുവദിച്ചത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഡിപ്പാർട്ട്മെൻറൽ സ്കൂളുകൾ അനുവദിച്ചത് മിക്കതും സ്കൂളുകൾ തുറന്നതിനു ശേഷമാണ്.

കേന്ദ്രഭക്ഷ്യവകുപ്പിൽനിന്നും കോട്ടാ അനുവദിക്കുന്നതു്

*൭൯. (൧) ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂറിലേക്കും കൊച്ചിയിലേക്കും സംയോജനത്തിനുശേഷവും കേന്ദ്രഭക്ഷ്യവകുപ്പിൽനിന്നും കോട്ടാ അനുവദിക്കുന്നതു പ്രത്യേകം പ്രത്യേകമായിട്ടാണോ അതോ ഒന്നായിട്ടാണോ;

(ബി) കേന്ദ്രഗവൺമെണ്ടിന്റെ ഭക്ഷ്യവകുപ്പ് തിരുവിതാംകൂർ കൊച്ചിയെ ഒരു സ്റ്റേറായി അംഗീകരിച്ചിട്ടുണ്ടോ;

(സി) തിരുവിതാംകൂറിലും കൊച്ചിയിലും റേഷൻ വിതരണത്തിൽ വല്ല വ്യത്യാസവും ഉണ്ടോ;

(ഡി) തിരുവിതാംകൂർ വിഭാഗത്തിൽ അപൂർണ്ണ റേഷൻ കൊടുക്കുമ്പോൾ കൊച്ചിയിൽ പൂർണ്ണറേഷൻ കൊടുക്കുന്നുവെന്നു ഒരു പരാതിയുണ്ടായിട്ടുള്ളതായി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ഇ) അത്യാവശ്യത്തിനു ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നില്ലെന്ന നാട്ടിന്റെ നാനാഭാഗത്തുനിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ; അതിനെന്തുചെയ്തു;

(എഫ്) ഭക്ഷ്യസാധനസംഭരണവും വിതരണവും സംബന്ധിച്ചു അതികഠിനമായ അതൃപ്തിയും പ്രതിഷേധവും പരാതിയും പൊതുജനങ്ങളുടെ ഇടയിൽ ഉണ്ടെന്നു ഗവൺമെണ്ടിനറിയാമോ;

(ജി) അതിനെന്തെങ്കിലും പരിഹാരം ഗവൺമെണ്ടുണ്ടാക്കിയിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) തിരുവിതാംകൂറിലേയ്ക്കും കൊച്ചിയിലേയ്ക്കും ഇപ്പോൾ കോട്ട അനുവദിക്കുന്നതു് ഒന്നായിട്ടാണ്.

(ബി) കേന്ദ്രഗവൺമെണ്ടിന്റെ ഭക്ഷ്യവകുപ്പു തിരുവിതാംകൂർ കൊച്ചിയെ ഒരു സ്റ്റേറായി അംഗീകരിക്കുന്ന പ്രശ്നം ഉത്ഭവിക്കുന്നില്ല. തിരുവിതാംകൂർ-കൊച്ചി ഒരു സ്റ്റേറതന്നെയാണ്.

(സി) തിരുവിതാംകൂറിലേയും കൊച്ചിയിലേയും റേഷൻ വിതരണസമ്പ്രദായത്തിൽ ചില വ്യത്യാസങ്ങൾ ഉണ്ട്. വിതരണം ചെയ്യുന്ന റേഷനിൽ വ്യത്യാസമില്ല.

(ഡി) ഉണ്ട്.

(ഇ), (എഫ്) & (ജി) എല്ലാ സ്ഥലത്തും റേഷൻ നിരക്കിലുള്ള അരി കൊടുക്കുന്നതിനു് സാധിച്ചിട്ടില്ല. അതു് സംബന്ധിച്ചു ചില പരാതികൾ ഉണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ട്. ആഗസ്റ്റ് മാസത്തിലേയ്ക്ക് ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും ഭക്ഷ്യധാന്യ കോട്ടാ അനുവദിക്കയുണ്ടായില്ല. അല്ലെങ്കിൽ അയച്ചുതന്നില്ല. അതുകൊണ്ടുള്ള വിഷമങ്ങളെ വിവരിച്ചും, ആവശ്യമുള്ള ഭക്ഷ്യധാന്യങ്ങളും ഉടനടി അയച്ചുതരണമെന്നും അടിയന്തിര കമ്പിമൂലം ഇൻഡ്യാ ഗവൺമെണ്ടിനോട് ആവശ്യപ്പെടുകയും ഭക്ഷ്യവകുപ്പുമന്ത്രി ഇവിടത്തെ വിഷമാവസ്ഥയെ വിശദമായി ഇൻഡ്യാ ഗവൺമെണ്ടധികൃതരെ നേരിട്ടു ധരിപ്പിക്കുകയും ചെയ്തു. കൂടാതെ സംസ്ഥാനത്തിനകത്തു നെല്ലുല്പാദനം ഉത്തേജിതപ്പെടുത്തി കഴിവുള്ളിടത്തോളം നെല്ലുല്പാദനത്തും വലിയ കൃഷിക്കാരോടും ജന്മികളോടും വ്യവസ്ഥാപനങ്ങളിയും വിതരണം നടത്തുകയുണ്ടായി. നെല്ലോ അരിയോ കുറവായ സ്ഥലങ്ങളിലെല്ലാം കുറവു് പരിഹരിക്കത്തക്കവണ്ണം ഗോതമ്പു കൊടുക്കുന്നതിനു് വേണ്ട ഏർപ്പാടുകളും ചെയ്തിരുന്നു.

ശ്രീ. ഇ. പി. പൗലോസ്: കൊച്ചിക്കും തിരുവിതാംകൂറിനും മുമ്പു സെപ്പറേറ്റായി അലോട്ട ചെയ്തിരുന്നതു് ഇപ്പോൾ കൊച്ചിയിലേയ്ക്കു് ആവശ്യം വരുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇ. പി. പൗലോസ്: അവിടത്തേയ്ക്കുണ്ടായിരുന്ന അലോട്ടുമെൻറ് ഇപ്പോൾ അധികം വരികയില്ലേ എന്നാണു് ഞാൻ ചോദിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ ഉള്ള അലോട്ടുമെൻറ് മുഴുവൻ സ്റ്റോറുമുഴുവനും ഉള്ള ആവശ്യത്തിലേയ്ക്കു് അയച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: തിരുവിതാംകൂറിലേയും കൊച്ചിയിലേയും റേഷൻ വിതരണ സമ്പ്രദായത്തിൽ ചില വ്യത്യാസങ്ങളും ഉണ്ടെന്നു പറഞ്ഞതു് എന്താണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊച്ചിയിൽ ദിവസേന റേഷൻ കൊടുക്കുന്ന സമ്പ്രദായത്തിലാണു് കാർഡുകളും കൊടുത്തിട്ടുള്ളതു്. തിരുവിതാംകൂറിൽ ആഴ്ചയിൽ ഒരിക്കൽ റേഷൻ കൊടുക്കുന്ന സമ്പ്രദായത്തിലാണു് കാർഡുകളും കൊടുത്തിരിക്കുന്നതു്. അതുകൊണ്ടുവരുന്ന ഒരു പ്രയോഗികവൈഷമ്യം, ഏഴു ദിവസത്തിൽ കൂടുതൽ ആവശ്യത്തിലേയ്ക്കുള്ള റേഷൻ ധാന്യങ്ങളും ഒരു വില്ലേജിൽ ഇല്ലെന്നുണ്ടെങ്കിൽ തിരുവിതാംകൂറിൽ റേഷൻ തകരും. കൊച്ചിയിൽ ഒരു ദിവസത്തേയ്ക്കുള്ളതിലും കുറവുവന്നെങ്കിലെ റേഷൻ തകരുകയുള്ളു.

ശ്രീ. കെ. ആർ. ഇലങ്കത്തു്: തിരുവിതാംകൂറിലും ദിവസേനയുള്ള റേഷൻ സമ്പ്രദായം നടത്തിക്കൂടെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പറ്റി ആലോചിക്കുന്നുണ്ടു്.

നെല്ലു് മില്ലിൽകുത്തുന്ന സമ്പ്രദായം

* 6൯ ശ്രീ. (വ) ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ. —

(എ) നെല്ലു് മില്ലിൽ കുത്തുന്ന സമ്പ്രദായം ഇപ്പോൾ കൊച്ചിയിൽ ഉണ്ടോ;

(ബി) തിരുവിതാംകൂറിൽ വീണ്ടും നെല്ലു മില്ലിൽ കുത്തുന്നതിനു് അനുവാദമുണ്ടാകണമെന്ന അപേക്ഷ കിട്ടിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly